**വിവാഹ ധനസഹായം**

**221 (6926)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതിയിൽപ്പെടുന്ന എത്ര യുവതികൾക്ക് എത്ര രൂപവീതം വിവാഹധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട എത്ര യുവതികളുടെ അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഈ വിഭാഗത്തിൽപ്പെട്ട 6030 യുവതികളുടെ അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ട്.

**ഹോസ്പിറ്റൽ മാനേജ്മെന്റിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം**

**222 (6927)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2011-ലെ സർക്കാർ ഉത്തരവ് (ആർടി.) 394/2011/എസ്.സി./എസ്റ്റി.ഡി.ഡി. പ്രകാരം ഭരണാനുമതി നൽകിയ ഹോസ്പിറ്റൽ മാനേജ്മെന്റിൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്ന സ്ഥാപനം പദ്ധതി നടപ്പാക്കുന്നതിൽനിന്നും പിൻമാറിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ഏജൻസി പദ്ധതി നടപ്പാക്കാനുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ആദ്യ സർക്കാർ ഉത്തരവിൽനിന്നും വ്യത്യസ്തമായ പുതിയ കോഴ്സുകളാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ പരിഗണിക്കുന്ന പുതിയ കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാമെന്ന് കണ്ണമ്പ്ര പഞ്ചായത്ത് രേഖാമൂലം ഉറപ്പുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly